തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ബി) 1994-ലെ കേരള മുനിസിപ്പാലിററി ആക്ട്, 1999-ലെ 14-ാം ഭേദഗതി ആക്ട് എന്നിവയുടെ അടിസ്ഥാനത്തിൽ 1984-ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ റദ്ദു ചെയ്തുകൊണ്ട് 1-10-1999-ൽ 1999-ലെ കേരള മുനിസിപ്പാലിററി കെട്ടിട നിർമ്മാണച്ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 2001-ൽ പ്രസ്തുത ചട്ടങ്ങൾക്ക് ഏതാനും ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

തെരുവിന്റെ മധ്യത്തിൽ നിന്നും കെട്ടിടത്തിലേക്കുള്ള അകലം, പിന്നിലും വശങ്ങളിലും വേണ്ട തുറന്നയിടത്തിന്റെ വിസ്തീർണ്ണം, നിലവിലെ കെട്ടിടങ്ങൾക്ക് മുകളിൽ പുതിയ നിർമ്മാണങ്ങൾ എന്നീ കാര്യങ്ങളിൽ ഇളവുകൾ, റോഡ് വികസനത്തിന് സ്ഥലം സൗജന്യമായി നൽകുന്നവർക്കും ടൂറിസം വികസനത്തിനുവേണ്ടി ഹോട്ടൽ/റിസോർട്ട്സ് നിർമ്മാണങ്ങൾക്കും ഇളവുകൾ, ഉയർന്ന എഫ്.എ.ആർ. എന്നിവ അനുവദിച്ചുകൊണ്ടാണ് പുതിയ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവു നൽകുന്നതിന് നിലവിലുള്ള നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. 1999-ലെ കേരള മുനിസിപ്പാലിററി (ഭേദഗതി) ആക്ട് നിലവിൽ വരുന്നതിനുമുമ്പ് ഇളവുകൾ നൽകാൻ സർക്കാരിനുണ്ടായിരുന്ന അധികാരം പുനസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സി-യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## വനംകൊള്ളയും വന്യജീവി വേട്ടയും തടയാൻ നടപടി

*5 [65] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്ററിൻ:
,, കെ. നാരായണക്കുറുപ്പ്:
,, മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനംകൊള്ളയും വന്യജീവി വേട്ടയും ഫലപ്രദമായി തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) വനംവകുപ്പിന്റെ പ്രവർത്തനത്തിൽ പരിസ്ഥിതി വകുപ്പുകൂടി ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) മലയോര കർഷകർ നേരിടുന്ന വിള നശീകരണത്തിന് പ്രതിവിധിയായി വനംവകുപ്പ് വിള ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) സംസ്ഥാനത്ത് വനംകൊള്ളയും വന്യജീവി വേട്ടയും ഫലപ്രദമായി തടയുന്നതിന് സർക്കാർ കൈക്കൊണ്ടുവരുന്ന നടപടികൾ താഴെ പറയുന്നവയാണ്.

1. വനനിയമം, വന്യജീവി സംരക്ഷണനിയമം എന്നിവ കർക്കശമായി നടപ്പിലാക്കുന്നുണ്ട്. സംരക്ഷണം കൂടുതൽ ഫലപ്രദമാക്കാൻ വനനിയമത്തിൽ സമഗ്രമായ ഭേദഗതികൾ വരുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

2. സംരക്ഷണവിഭാഗം ജീവനക്കാരെ ഫീൽഡ് പട്രോളിംഗിനായി സജ്ജരാക്കുകയും അവർക്ക് വാഹനം, വാർത്താ വിനിമയോപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുകയും ചെയ്തിട്ടുണ്ട്.

3. ബീററ് സമ്പ്രദായം പരിഷ്ക്കരിച്ച് ഫോറസ്ററ് സ്റേറഷനുകൾ രൂപീകരിച്ചു. ആകെ 88 ഫോറസ്ററ് സ്റേറഷനുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ശേഷിക്കുന്ന പ്രശ്ന പ്രദേശങ്ങളിലും കൂടുതൽ ഫോറസ്ററ് സ്റേറഷനുകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

4. പ്രശ്നപ്രദേശങ്ങളിലെ സംരക്ഷണപ്രവർത്തനങ്ങൾക്ക് പിൻബലമേകാൻ ഡിവിഷൻ തലത്തിൽ 8 ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷനുകളും 22 ഫ്ളയിംഗ് സ്ക്വാഡ് റെയിഞ്ചുകളും ആയുധ വാഹന വയർലസ് സംവിധാനങ്ങളോടുകൂടി പ്രവർത്തിക്കുന്നുണ്ട്.

5. അയൽസംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങളിലെ ഡിവിഷണൽ ഫോറസ്ററ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡൻമാരും സംരക്ഷണ സംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുകയും സംയുക്ത പട്രോളിംഗ് നടത്തി സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

6. വനം-വന്യജീവി സംബന്ധമായ കുററകൃത്യങ്ങൾക്ക് കേസ്സുകൾ ബുക്കു ചെയ്ത് കോടതിയിൽ പ്രോസിക്യൂഷൻ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

7. വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നവർക്ക് പ്രശംസാപത്രവും ക്യാഷ് അവാർഡും നൽകുന്നുണ്ട്.

8. വനം-വന്യജീവി സംബന്ധമായ കുററകൃത്യങ്ങളിൽ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് മഞ്ചേരി, പുനലൂർ, തൊടുപുഴ എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ പ്രവർത്തിക്കുന്നു.

9. മൃഗവേട്ട തടയുന്നതിന് കുററകൃത്യങ്ങൾ നടക്കാൻ സാദ്ധ്യതയുള്ള പ്രശ്നപ്രദേശങ്ങളിൽ ആൻറി പോച്ചിംഗ് ക്യാംപുകൾ സംഘടിപ്പിക്കുന്നുണ്ട്.

10. പൊതുജന പങ്കാളിത്തത്തോടുകൂടിയുള്ള വനം-വന്യജീവി പരിപാലനം നടപ്പിലാക്കി വരുന്നുണ്ട്.

11. വനസംരക്ഷണം, വന്യജീവി സംരക്ഷണം, പരിരക്ഷണം എന്നിവയുടെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങളിൽ വേണ്ടത്ര അവബോധം

LIBRARY ARCHIVES Kerala Legislative Assembly

സൃഷ്ടിക്കുന്നതിന് പ്രകൃതി പഠന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്.

(ബി) പരിഗണനയിലില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

## മദ്യനയം

* 6 [66] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനെ സമ്പൂർണ്ണ മദ്യവിമുക്തമാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മദ്യനയത്തിൽ വരുത്തിയ മാററംമൂലം ഉണ്ടായിട്ടുള്ള പ്രത്യേകതകൾ ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) കള്ളുവിൽപ്പന സഹകരണസംഘങ്ങൾ എന്ന പേരിൽ ഉണ്ടാക്കിയിട്ടുള്ള സംഘങ്ങളെ നിലനിർത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) സംസ്ഥാനത്തെ ഘട്ടം ഘട്ടമായി സമ്പൂർണ്ണ മദ്യവിമുക്തമാക്കുന്നതാണ് സർക്കാരിന്റെ നയം. ഈ നയം ചാരായനിരോധനത്തോടെ തുടങ്ങി, ജനപങ്കാളിത്തത്തോടെ, ജനബോധവൽക്കരണം കൊണ്ട്, ജനങ്ങളെ തയ്യാറാക്കിക്കൊണ്ട് സമ്പൂർണ്ണ മദ്യവിമുക്ത കേരളം എന്ന ഉദ്ദേശത്തിലേക്ക് നീങ്ങുന്നതാണ്.

(ബി) കഴിഞ്ഞ സർക്കാരിന്റെ മദ്യനയത്തിൻമേൽ പുനഃപരിശോധന നടത്തിവരുന്നുണ്ട്. മദ്യനയത്തിലെ മാററം ഉടനെ പ്രഖ്യാപിക്കുന്നതാണ്.

(സി) പരിശോധിച്ചുവരുന്നുണ്ട്.

## കടബാദ്ധ്യത

* 7 [67] ശ്രീ. സി. മമ്മൂട്ടി:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഉണ്ടായിരുന്ന കടബാദ്ധ്യത എത്ര കോടി രൂപയാണ്;

(ബി) ഈ ഇനത്തിൽ വാർഷിക പലിശ എന്തു തുക വരും;

(സി) കടബാദ്ധ്യതകൾ തീർക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly